കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് പി. എസ്. സി. അംഗീകരിച്ച റിക്രൂട്ട്മെന്റ് റൂൾസ്

116 [3125] ശ്രീ. ടി. കെ. ബാലൻ:

„ മഞ്ഞളാംകുഴി അലി:

„ കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് പി.എസ്.സി. അംഗീകരിച്ച റിക്രൂട്ട്മെന്റ് റൂൾസ് നിലവിലുണ്ടോ;

(ബി) പ്രസ്തുത റൂൾസിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റിക്രൂട്ട്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെടുന്നവരുടെ സേവനവേതന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഗവൺമെന്റ് അംഗീകരിച്ച മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) സർക്കാരിന്റെ അംഗീകൃത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കെ.എസ്.ആർ.ടി.സി.-യിൽ ഏതെങ്കിലും തസ്തികകളിലേയ്ക്ക് നിയമനം നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എം പാനൽ വേതന വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി. കണ്ടക്ടർമാരെ സ്ഥിരമായി നിയമിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) റിക്രൂട്ട്മെന്റ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പി.എസ്.സി.-യിൽ നിന്നും നിയമിക്കപ്പെടുന്നവരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ല.

(ഡി) എന്നാൽ ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നവർക്ക് എം പാനൽ വ്യവസ്ഥയിലാണ് നിയമനവും വേതനവും നൽകി വരുന്നത്. കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി ബഹു. ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തുകയും സ്ഥിരനിയമനം നൽകാൻ കഴിയില്ലെങ്കിൽ എം പാനൽ വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തുന്നതിന് അനുവദിക്കുകയും ചെയ്തു. (ഒ.പി. നം. 37878/2001 എന്ന കേസിലെ സി. എം. പി. ഓർഡർ നം. 62078/2001 തീയതി 14-12-2001 പ്രകാരം, കൂടാതെ ജി. ഒ. (എം. എസ്.) 15/2002/ട്രാൻ. തീയതി 18-5-2002 എന്ന ഉത്തരവ് പ്രകാരം ഗവൺമെന്റിന്റെ അനുവാദവും ലഭിച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly